Philadelphia REVIVAL CHURCH
HIS FULNESS
HIS FAITH
HIS COVENANT

സെപ്റ്റംബർ 2018

# റിവൈവൽ വോയ്സ്

റിവൈവൽ ചർച്ച് പ്രസിദ്ധീകരണം



- പാസ്റ്ററുടെ സന്ദേശം ...
- ആത്മ ശക്തിയുടെ അഞ്ചു രഹസ്യങ്ങൾ

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

Private Circulation Only



# പാസ്റ്ററുടെ സന്ദേശം ...

സെപ്റ്റംബർ നമുക്ക് ഉപവാസപ്രാർത്ഥനയുടെ മാസമാണ്. ദൈവനാമം മഹത്വപ്പെടട്ടെ.

നമുക്ക് കാര്യമുള്ള (എബ്രായർ 4:13) ക്രിസ്തുവിനോട് കൂടെ ചേർന്നാണ് നാം നടക്കുന്നതെങ്കിൽ സഭയിലും എല്ലാകാര്യത്തിലും നമുക്ക് എപ്പോഴും ആനന്ദവും സന്തോഷവും ആയിരിക്കും.

യേശുക്രിസ്തുവിനോട് ചേർന്നുള്ള നമ്മുടെ നടപ്പിനെ ഒന്ന് പുതുക്കുന്നതിനുള്ള സമയമാണ് സെപ്റ്റംബർ. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവൻ ഒരിക്കലും വിരസമോ, മുഷിച്ചിലോ, ആചാരമോ ഉള്ളതല്ല. അങ്ങിനെയെങ്കിൽ നമുക്ക് അവനുമായി സംസാരിക്കാം, കാരണം നമുക്ക് കാര്യമുള്ളത് അവനുമായിട്ടാണ്.

നമ്മിൽ ധാർമ്മികമായ പാപങ്ങൾ ഇല്ലെങ്കിൽ തന്നെയും ആത്മീയ പാപങ്ങൾ ഉണ്ടായിരിക്കാം. അവിശ്വാസവും, അനുസരണക്കേടും ആത്മീയ പാപങ്ങളാണ്. അവിശ്വാസത്തിലും അനുസരണക്കേടിലും ജീവിക്കുന്നതിനാലാകാം, ദൈവം ആഗ്രഹിക്കുന്ന പല വെല്ലുവിളികളും നാം സ്വീകരിക്കാത്തത്. ധാർമ്മികമായി അകമേയും, പുറമെയും നാം നല്ല നിലവാരം പുലർത്തുന്നവരായിരിക്കാം എന്നാൽ വിശ്വാസം, അനുസരണം എന്ന ദിവ്യ സ്വഭാവ ശീലങ്ങൾ നമ്മിൽ നിന്നും എത്രയോ അകലെയായിരിക്കാം.

വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ ക്രിസ്തുവിൽ നമുക്ക് സന്തോഷിക്കുവാൻ കഴിയുന്നു. ഇപ്രകാരം നല്ലൊരു തീരുമാനത്തോടെ സെപ്റ്റംബറിൽ നമുക്ക് മുന്നോട്ടു പോകാം. ക്രിസ്തുവിലല്ലാതെ നമ്മുടെ സ്വന്തമായ പ്രയത്നം കൊണ്ട് ഫലം കായ്ക്കാം എന്ന് കരുതേണ്ട.

നാം ശരിയാണെന്നു ചിന്തിക്കുന്ന ഏറ്റു പറച്ചിൽപോലും ഫലമില്ലാതെ പോകാം. ദൈവസന്നിധിയിൽ ഇരുന്നു അവൻ പറയുന്നത് കേട്ട് അനുസരിക്കയത്രേ വേണ്ടത്. വിശ്വാസം കുറവാണെങ്കിൽ ദൈവത്തോട് ചോദിക്ക; ദൈവം നൽകും.

ദൈവം നമ്മെ സ്നേഹിക്കുന്നു അതിനാൽ അവനോടു ചേർന്ന് നടക്കുന്നതിനാൽ പുതുക്കം പ്രാപിപ്പാൻ നമ്മെ വിളിക്കുന്നു. വരിക....

ഷിജു നൈനാൻ
പാസ്റ്റർ. ഫിലഡൽഫിയ റിവൈവൽ ചർച്ച്

# ആത്മ ശക്തിയുടെ അഞ്ചു രഹസ്യങ്ങൾ

## എ. ഡബ്ല്യൂ. ടോസർ

**1.** പാപവുമായുള്ള ഇടപാട് പൂർണ്ണമായി തീർക്കുക

പാപം പൂർണ്ണമായും ഇല്ലാത്ത ഒരു അവസ്ഥയെക്കുറിച്ച് പ്രസ്താവിക്കുവാനല്ല ഉദ്ദേശിക്കുന്നത്. എന്നാൽ എല്ലാം പാപവും വ്യക്തമായി തിരിച്ചറിഞ്ഞു പേരുപറഞ്ഞു ഉപേക്ഷിക്കയും, അതിൽനിന്നും വിടുതൽ പ്രാപിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുകയും; അപ്രകാരം നമ്മുടെ ജീവിതത്തിൽ പാപമില്ലാത്ത അവസ്ഥയിലേക്ക് വരികയും ചെയ്യണം എന്നതാണ് ഇവിടെ പറയുവാൻ ആഗ്രഹിക്കുന്നത്. ഇപ്രകാരം ഇടപെടണം എന്നുള്ളത് തികച്ചും ആവശ്യമാണ് എന്തുകൊണ്ടെന്നാൽ ദൈവം പരിശുദ്ധനായ ദൈവമത്രേ മാത്രമല്ല, പാപം ലോക സിംഹാസനത്തിലും.

**2.** ഒന്നും തന്നെ സ്വായത്തം ആക്കേണ്ട

നിങ്ങൾക്ക് സ്വന്തമായി ഒന്നും പാടില്ല എന്ന് ഇതിനാൽ ഉദ്ദേശിക്കുന്നില്ല. എന്നാൽ അവ കൈവശമാക്കണം എന്ന ഭാവത്തിൽ നിന്നും നാം വിടുതൽ പ്രാപിച്ചിരിക്കണം. കൈവശം വേണം എന്ന ഭാവമാണ് നമ്മെ തടസ്സപ്പെടുത്തുന്നത്. എല്ലാ കുഞ്ഞുങ്ങളും ജനിക്കുമ്പോൾ മുഷ്ടി ചുരുട്ടി പിടിച്ചിരിക്കുന്നതായി കാണാം. അതിപ്രകാരം തോന്നാം, "ഇതെന്റെതാണ്". ഒന്നാമത്തെ പലകാര്യങ്ങളിൽ ഒന്ന് "എന്റേത്" എന്നു കോപത്തോടുള്ള കരച്ചിലും! "ഇത് എന്റേത്" എന്ന ആ ഭാവം ആത്മാവിനെ വളരെ ഹാനികരമായി മുറിപ്പെടുത്തുന്ന ഒരു കാര്യമാണ്. എന്തെങ്കിലും കൈവശമാക്കണം എന്ന ആ തോന്നൽ ഒഴിവാക്കിയാൽ നിങ്ങളുടെ ജീവിതത്തിൽ സ്വതന്ത്രമായി എന്ന ബോധവും, വിടുതലും അനുഭവിക്കു വാൻ ഇടയാകും.

**3.** നിങ്ങളെ തന്നെ ഒരിക്കലും ന്യായീകരിക്കരുത്

നമ്മെത്തന്നെ ന്യായീകരിക്കുവാനുള്ള ഒരു താല്പര്യത്തോടെയാണ് നാം എല്ലാവരും ജനിക്കുന്നത്. എന്നാൽ നാം നമ്മെതന്നെ ന്യായീകരിക്കണം എന്ന് നിർബന്ധിച്ചാൽ ദൈവം അതനുവദിച്ചേക്കാം എന്നാൽ നമ്മെ ന്യായീകരിക്കാൻ ദൈവത്തിന് വിട്ടുകൊടുത്താൽ ദൈവം നമ്മെ ന്യായീകരിക്കും.

**4.** മറ്റുള്ളവരെക്കുറിച്ച് ഒരിക്കലും മോശമായി സംസാരിക്കരുത്

"സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നു"(**2** പത്രൊസ് **4 : 8 ).** അപവാദം പറയുന്നവർ ദൈവഹിതത്തിൽ അല്ല. ഒരു ദൈവപൈതലിന്റെ സൽപേരിന് തടസ്സമായോ, കളങ്കം ചാർത്തുന്നതിനോ ആയിട്ടുള്ള എന്തെങ്കിലും നിങ്ങൾക്ക് അറിയാമെങ്കിൽ അത് എന്നന്നേക്കുമായി

മൂടിക്കളയുക. പിൻഭാഗത്തായി തോട്ടത്തിൽ ഒരു ഭാഗത്തായി ഒരു സ്ഥാനം കണ്ടുപിടിക്കുക, ആരെങ്കിലും ഒരു ദുഷിച്ച കഥയുമായി വന്നാൽ അതെടുത്ത് കുഴിച്ചുമൂടിയിട്ട് പറയുക, "എൻറെ സഹോദരനെ കുറിച്ചുള്ള കഥ ഇവിടെ സ്വസ്ഥമായി കിടക്കുന്നു. ദൈവം അത് നോക്കിക്കൊള്ളും." 'നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും' (മത്തായി 7 : 2).

5. ഒരു പുകഴ്ത്തലും സ്വീകരിക്കരുത്

ദൈവം തന്റെ മഹത്വത്തെ ആർക്കും കൊടുക്കുകയില്ല. തന്റെ മഹത്വം ആരുമായും തന്നെ പങ്കുവെക്കുന്നില്ല. തങ്ങളുടെ ക്രിസ്തീയ പ്രവർത്തനങ്ങൾ അവരവരുടെ താലന്തുകൾ പ്രദർശിപ്പിക്കുവാൻ ഒരവസരമായി തീർന്നേക്കാമെന്നു ആളുകൾ പ്രതീക്ഷിക്കുന്നത് വളരെ സ്വാഭാവികമാണ്. ദൈവത്തെ സേവിക്കണം എന്ന് തന്നെയാണ് അവരുടെ ആഗ്രഹം. എന്നാൽ അവർ ദൈവത്തിനായി പ്രവർത്തിക്കുന്നുവെന്ന് മറ്റുള്ളവർ അറിയണം എന്നും അവർ ആഗ്രഹിക്കുന്നു. വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഒരു സൽപേരും അവർ ഇഷ്ടപ്പെടുന്നു. വിശുദ്ധന്മാരുടെ ഇടയിൽ ഒരു സൽപേര് (കീർത്തി) തേടുക എന്നത് വളരെ അപകടകരമായ ഒരവസ്ഥയാണ്. ഇഹലോകജീവിതത്തിൽ ഒരു സൽകീർത്തി തേടുന്നത് ഒരു നല്ല കാര്യമല്ല. എന്നാൽ ദൈവജനത്തിന്റെ മദ്ധ്യേ ഒരു സൽകീർത്തി തേടുക എന്നത് അതിലും മോശമായ കാര്യമാണ്. നമ്മുടെ കർത്താവ് തന്റെ സൽകീർത്തി ത്യജിച്ചു കളഞ്ഞു. നമ്മളും അപ്രകാരം തന്നെ ആകട്ടെ.

ഇപ്രകാരമുള്ള ഓരോ സാഹചര്യത്തിലും ദൈവത്തിൽ വിശ്വസിപ്പാൻ ദൈവം നമ്മൾക്ക് കൃപയും ശക്തിയും നൽകട്ടെ.

## Articles continuing from October

- **Word Study : Zion**
- **Heroes of Faith**

## UPCOMING EVENTS ....

- **Fasting Prayer Starting from September 4th 2018.**

# Recipe Corner

**Banana Pineapple Bread** **Shared by: Sis. Leela George**

**Ingredients:**

- 2 Cups – All Purpose Flour
- 1 Cup – Sugar
- ½ Cup – Butter softened
- ½ Cup – Banana
- ⅓ Cup – Crushed Pineapple
- ½Cup – Flaked Coconut
- 2 – Eggs
- 1 tsp – Vanilla
- 1 tsp – Baking Powder
- 1 tsp – Baking Soda
- ½ tsp – Salt

**Directions:** First mix all dry ingredients, then mix all wet ingredients together. Combine both and mix well. Preheat the oven at $350^0$ F. Pour batter in prepared pan. Bake for 60 – 65 mins.

Apply butter and put parchment paper in the pan to avoid sticking, not wax paper.

## Event Schedule

| |
|---|
| **Sunday Service**<br>10:30 AM - 12:30 PM : Worship Service<br><br>09:15 AM - 10:15 AM : Sunday School |
| **Special Worship(In Church):** Friday 7:00 PM - 9:00 PM<br>**Youth Meetings:** Every other Saturdays 5:00 PM - 7:00 PM<br>**Bible Study(In Homes):**<br>Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM<br>**Cell Meetings:**<br>Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM |

# Bible Verse Decoder – Puzzle

Decode the sentence given using the decoder table below to find the Bible verse.

**Decoder Table:**

| Code | A | B | C | D | E | F | G | H | I | J | K | L | M |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Value | x | o | q | w | g | h | r | d | t | e | b | p | k |

| Code | N | O | P | Q | R | S | T | U | V | W | X | Y | Z |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Value | c | m | y | f | j | z | n | i | s | u | a | l | v |

**1. Decode the sentence given below:** Use decoder table to solve.

QBG IFJGJ UV BTJ EBH XTH BTJ

OJHUXIBG KJIDJJT EBH XTH OJT IFJ

OXT NFGUVI RJVWV

**2. Write the decoded sentence below:**

__________________________________________________

__________________________________________________

**3. Find the Bible Reference:** __________________________

Clue: Hold the Magazine upside down to get the answer.

For there is one God, and one mediator between God and men,
the man Christ Jesus; - 1 Timothy 2:5 (KJV)

**FISHING LURE**

A Joyful 'toon by Mike Waters




And he saith unto them, Follow me, and I will make you fishers of men.

– MATTHEW 4:19 KJV